(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി4/363/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 04952371012
തീയതി: 08.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**ചേമഞ്ചേരി** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **ചേമഞ്ചേരി** ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/363/2020 തീയതി: 08.05.2020

**കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.12.2018 മുതൽ 29.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.03.2020 മുതൽ 09.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സതീഷ് കുമാർ<br>ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീ.ശ്യാംജിത്ത്.എം<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദിശ.ആർ.കെ<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിനിത്ത്.എ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഡാനിഷ്.എ.ഇസെഡ്<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കവിത.പി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ജയരാജൻ.പി | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ഗിരീഷ്.എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ.സൂരജ്.പി.ജി | 01.04.2018 മുതൽ 31.01.2019 വരെ |
| | ശ്രീമതി.സുമിത.കെ.ബി (അധികചുമതല) | 01.02.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അനിത പാലേരി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സിന്ധു.കെ.പി | 01.04.2018 മുതൽ 11.03.2019 വരെ |
| | ഡോ.സിന്ധുകല | 12.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.നീതുദിവാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിജില | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സജിത.പി | 01.04.2018 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അവിനാശ് | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.രൻജിത്ത്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ബാബുരാജൻ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ശാന്തകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ക്യാഷ് പരിശോധന | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 7 | വാർഷികകണക്കുകളിലെ അപാകതകൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-10 |
| 11 | ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധി പിരിവ് അപാകത | 1-11 |
| 12 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം | 1-12 |
| 13 | പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-13 |
| 14 | ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 1-14 |
| 15 | നായനാർ മിനിസ്റ്റേഡിയം ഗാലറി നിർമ്മാണം - പ്രോജക്ട് നടത്തിപ്പിലെ അപാകത | 1-15 |
| 16 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഭാഗികമായ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നു | 1-16 |
| 17 | വട്ടക്കണ്ടി റോഡ് നിർമ്മാണം - പ്രോജക്ട് നടത്തിപ്പിലെ അപാകത | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം | 1-18 |
| 19 | സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ പദ്ധതിയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം | 1-19 |
| 20 | വിതരണ രജിസ്റ്റർ യഥാസമയം തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-20 |
| 21 | അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത | 1-21 |
| 22 | കമ്പ്യൂട്ടർ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-22 |
| 23 | സ്പോർട്സ് കിറ്റ് ഉപകരണങ്ങൾ വാങ്ങൽ -പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-23 |
| | **ഭാഗം 2**<br>**വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |

| | | |
|---|---|---|
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം | 3-1 |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 3-2 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |



## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 10.04.2019 ലെ 1/2019 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 04.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6876760 |
| വരവ് | 91825020 |
| ആകെ | 98701780 |
| ചെലവ് | 78806249 |
| നീക്കിയിരിപ്പ് | 19895531 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 16534094 | 16534094 | 16534094 | |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 4606000 | 4606000 | 4606000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6208147 | 6208147 | 6208147 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2049533 | 2049553 | 2049553 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8492248 | 8492248 | 8492248 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 27000063 | 27000063 | 27000063 | 0 |
| | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 3779 | 833923 | 837702 | 835271 | 2431 |

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12291/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തരനിയന്ത്രണം

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തെ കുറിച്ച് പരിശോധിച്ചതിൽ, കാര്യാലയത്തിലെ ജീവനക്കാർക്ക് ഉത്തരവ് പ്രകാരം കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ഡിസ്ട്രിബ്യൂഷന്റെ പ്രിന്റ് എടുത്ത് സെക്ഷനുകൾ ഒപ്പിട്ട് തപാലുകൾ സ്വീകരിക്കുന്നു. തപാലുകളിൽ സ്വീകരിക്കുന്ന നടപടികൾ സൂചിക സോഫ്റ്റ് വെയറിൽ കൂടി അറിയാമെന്നതിനാൽ തൻപതിവേട് സൂക്ഷിക്കുന്നില്ല. 2018 ആഗസ്റ്റ് മാസം മുതൽ മാത്രമാണ് സൂചിക ഉപയോഗിച്ച് തുടങ്ങിയിട്ടുള്ളത്.

കാര്യാലയത്തിലെ ഹാജർ രജിസ്റ്റർ, ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എല്ലാ

മാസവും ജീവനക്കാരുടെ മീറ്റിംഗ് കൂടുന്നുണ്ട്. പ്രധാനപ്പെട്ട കാര്യങ്ങൾ ഓഫീസ് ഉത്തരവു മുഖേന നൽകുന്നതായും കാണുന്നു.

## 1-7 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 പ്രകാരം വാർഷിക കണക്ക് പരിശോധിച്ചതിൽ, ചുവടെപ്പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3-ൽ capital contribution ആയി കാണിച്ചിരിക്കുന്ന തുക, B11 – Fixed Assets – ലെ തുകയും B11 – Capital work in progress – ലെ തുകയും കൂട്ടുമ്പോൾ കിട്ടുന്ന തുകയ്ക്ക് തുല്യമല്ല.

2. മുൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 Library cess + തൻവർഷRP36 Library cess വരവ് - തൻവർഷRP36 Library cess തിരിച്ചടവ്, തൻവർഷത്തെ B-9 Library cess തുകയ്ക്ക് തുല്യമല്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 Liability in respect of Stale Cheques എന്ന ശീർഷകത്തിൽ 5743/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്(അക്കൗണ്ട് നം. 419) 38,102/- രൂപയും, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (007) 75000/- രൂപയും 3 മാസ കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുകയാണ്. ആയവ മേൽ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്(അക്കൗണ്ട് നം. 419) | |
|---|---|
| ചെക്ക് നം, തീയതി | തുക |
| 34038/12.07.2018 | 828 |
| 34041/12.07.2018 | 740 |
| 34251/18.07.2018 | 598 |
| 34615/15.05.2018 | 306 |
| 51042/31.03.2018 | 24000 |
| 35210/20.02.2018 | 1145 |
| 35425/25.09.2017 | 180 |
| 37497/01.08.2017 | 425 |
| 34561/09.08.2017 | 5500 |
| 34576/21.08.2017 | 520 |
| 37495/31.07.2017 | 1000 |
| 35916/31.05.2018 | 200 |
| 34262/23.07.2018 | 950 |
| 34693/19.11.2018 | 200 |
| 34695/19.11.2018 | 760 |
| 34901/17.12.2018 | 750 |
| | 38102/ |
| ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (007) | |
| 365211/27.02.2017 | 75000/- |

4. വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

5. ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടർ ഫോറം വില വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഇത്തരത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വെച്ച തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുക എത്രയാണെന്ന കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല

6. അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ VAT, GST(CGST, SGST) എന്നിവ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 273720 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 6370100 | 533 |
| വിധവാപെൻഷൻ | 17137400 | 1418 |
| വാർദ്ധക്യകാലപെൻഷൻ | 27397800 | 2462 |
| വികലാംഗപെൻഷൻ | 4748700 | 387 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1950400 | 165 |
| വിവാഹധനസഹായം | 330000 | 11 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2020 | ജനുവരി 2020 | PAU5/PAT1/chy/feb,jan/18 dt.27.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.09.17 to 19.09.17 | 2012-13 to 2016-17 | LBA(HQ)VI/8A-2691/229, Dt.30.10.2017 |

## 1-10 സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രൊജക്ട്- തെരുവു വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം- 39/19

അടങ്കൽ- 500000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 499800/- രൂപ (ബിൽ നം. 30/18-19/ തി. 18.03.2019)

പ്രൊജക്ട്- SC കോളനികൾക്ക് തെരുവ് വിളക്കുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം- 229/19

അടങ്കൽ- 101000/-രൂപ (S C P)

ചെലവ്- 99900/- രൂപ (ബിൽ നം. 29/18-19/ തി. 18.03.2019)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് വാങ്ങൽ, എസ്. സി. കോളനികൾക്ക് തെരുവ് വിളക്കുകൾ എന്നീ പ്രോജക്ടുകൾ പ്രകാരം തെരുവ് വിളക്കുകൾ വാങ്ങിയപ്പോൾ സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ തീയ്യതി 8.11.10 സർക്കാർ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. പ്രൊജക്ടുകൾ പ്രകാരം ഒരേയിനത്തിൽപ്പെട്ട സാധനങ്ങൾ വിവിധ ഘട്ടങ്ങളിലായി 2018-19 വർഷം വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ടെണ്ടർ തിയ്യതി | ഇനം | വില/യൂനിറ്റ് | എണ്ണം | ആകെ |
|---|---|---|---|---|---|---|---|
| 1 | 39/19 | 5,00,000/- | എ3/9121/2017 10/08/2018 ടെണ്ടർ | തെരുവ് വിളക്കുകൾ L E D | 1700 | 294 | 499800 |
| 2 | 229/19 | 101000/- | KELTRON നേരിട്ട് | തെരുവ് വിളക്കുകൾ L E D | 3700 | 27 | 99900 |
| | | | | വ്യത്യാസം | 2000 | 321 | |

വാങ്ങൽ പ്രക്രിയ പൂർത്തിയാക്കിയപ്പോൾ സർക്കാർ ഉത്തരവിൽ പ്രതീക്ഷിക്കുന്ന സാമ്പത്തികവും ഗുണപരവുമായ മെച്ചം സ്ഥാപനത്തിനു ലഭിച്ചില്ല. ഇതു സംബന്ധിച്ച് നൽകിയ (അന്വേഷണക്കുറിപ്പ് നം 3/2018-19 തി 06.03.2020) ലഭിച്ച മറുപടിയിൽ പദ്ധതികൾ രണ്ടും വ്യത്യസ്ത സമയങ്ങളിൽ രൂപീകരിച്ച് രണ്ട് വ്യത്യസ്ത ഫണ്ടുപയോഗിച്ച് താരതമ്യേന വ്യത്യാസമുള്ള തെരുവ് വിളക്കുകളാണ് വാങ്ങിയതെന്നും ആയതിനാലാണ് തെരുവ് വിളക്കുകൾ ഒന്നിച്ച് വാങ്ങാൻ സാഹചര്യം ഉണ്ടാവാതിരുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്

എന്നാൽ ഉയർന്ന വിലയ്ക്ക് എസ് സി കോളനികൾക്ക് തെരുവ് വിളക്കുകൾ വാങ്ങിയതു സംബന്ധിച്ച A3/1678/19 നമ്പർ ഫയലിൽ ഗുണമേൻമയുള്ള തെരുവ് വിളക്കുകളാണ് വാങ്ങിയത് എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ഇല്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-11 ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധി പിരിവ് അപാകത

ചേമഞ്ചേരി സർവ്വീസ് കോ-ഓപ്റേറ്റീവ് ബാങ്കിൽ 8962 അക്കൗണ്ട് നമ്പറായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധി എന്ന അക്കൗണ്ടിലേക്ക് 2018-19 വർഷത്തിൽ " ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധി " എന്ന പേരിൽ രശീതി അച്ചടിച്ച് പണം പിരിച്ചിട്ടുണ്ട്. ഓരോ രശീതി ബുക്കിലും 25 രശീതികൾ വീതമുള്ളതിൽ ആകെ 121 രസീറ്റുകൾ ഉപയോഗിച്ച് 73465/-രൂപ അടവാക്കിയിട്ടുണ്ട്.ഇതുമായി ബന്ധപെട്ട കലക്ഷൻ രജിസ്റ്റർ,രസീറ്റ് ബുക്ക്, ക്യാഷ്ബുക്ക്,ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) 2011ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയതായിരിക്കണം. ആയതിൻെറ അസ്സൽ, കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ ആയതിന് വിരുദ്ധമായി ഒരു രസീറ്റിന് രണ്ട് ഭാഗങ്ങളായാണ് പണം പിരിവ് നടത്തിയിരിക്കുന്നത്.ആയതിനാൽ പിരിച്ചെടുത്ത തുകയുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

2) രസീതുകളിൽ പണം സ്വീകരിച്ച ഉദ്യോഗസ്ഥൻെറ ചുരുക്കൊപ്പ് രേഖപെടുത്തിയിട്ടില്ല.

3) രസീതുകളിൽ തുക അക്ഷരത്തിൽ രേഖപെടുത്തിയിട്ടില്ല.ചില ഉദാ: രസീറ്റ് ബുക്ക് നമ്പർ 5/101,102,105,106,107,110,113

4) 2011ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 23 പ്രകാരം പിരിച്ച തുക 500/-രൂപയിൽ അധികരിക്കുകയാണെങ്കിൽ അതെ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തിദിവസമോ ബന്ധപെട്ട ബാങ്ക് /ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.എന്നാൽ മേൽ ചട്ടം പാലിച്ചിട്ടില്ല .ചില ഉദാഹരണങ്ങൾ

1) 17.04.2018ന് ലഭിച്ച 850/-രൂപ 25.04.2018നാണ് ബാങ്കിൽ അടവാക്കിയത്.

2) 04.06.2018ന് ലഭിച്ച 1700/-രൂപ 14.06.2018നാണ് ബാങ്കിൽ അടവാക്കിയത്.

5) രസീറ്റ് ബുക്കുകൾ പ്രിൻെറ് ചെയ്തതിൻെറ വിവരങ്ങൾ,വിതരണരജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപെട്ട് നൽകിയ 07.03.2020ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 07/18-19 ന് ലഭ്യമാക്കിയ മറുപടിയിൽ 2018 മാർച്ച് മാസത്തിലാണ് ഇത്തരമൊരു അക്കൗണ്ട് തുടങ്ങിയതെന്നും 2019ഏപ്രിൽ മുതൽ ഫ്രണ്ട് ഓഫീസ് സാംഖ്യ വഴിയാണ് ദുരിതാശ്വാസനിധി സംഭാവനങ്ങൾ സ്വീകരിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്.2011ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം യഥാവിധി പാലിക്കുന്നുണ്ടെന്ന് ബന്ധപെട്ട ജീവനക്കാരും ധനകാര്യസ്റ്റാൻെറിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല

2018-19 വർഷം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ടെണ്ടർ സ്വീകരിച്ചതിന് ശേഷം കരാർ വെക്കാൻ വളരെയധികം കാലതാമം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് (നമ്പർ,പേര്) | ചെലവ്തുക, ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി നമ്പർ/ ചെക്ക് നമ്പർ ) | സെലക്ഷൻ നോട്ടീസ് നമ്പർ, തിയ്യതി | നോട്ടീസ് കൈപ്പറ്റിയ തിയ്യതി | കരാർ നമ്പർ, തിയ്യതി | കരാറുകാരൻ | ടി.എസ് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|---|
| 1. | 149/18-19 , | 335235 രൂ, | 50/30.1.19 | നമ്പർ ഇല്ല, | ഇല്ല | 13/ae/ | രജിൽരാജ്. | 34333/ | 349932 | 3499 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ചേമഞ്ചേരി യു.പി ചെട്ട്യാംകണ്ടി നടപ്പാത | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | | തിയ്യതി 4.8.18 | | lsgd/ 18-19 തിയ്യതി 1.9.18 | എസ്.ആർ | 18-19 | | |
| 2. | 121/19, മുത്താച്ചിക്കാവ് കുടിവെള്ളപദ്ധതി പൂർത്തീകരണം | 474344 രൂ, തനത്ഫണ്ട് | 57661 തിയ്യതി 8.3.19, 2766421 തിയ്യതി 8.3.19, 2766427 തിയ്യതി 8.3.19, 2766428 തിയ്യതി 8.3.19 | നമ്പർ/ തിയ്യതി ഇല്ല. ടെണ്ടർ ഭരണസമിതി അംഗീകരിച്ചത് 20.12.18 | ഇല്ല | 56/ae/ lsgd/ 18-19 തിയ്യതി 18.1.19 | നൌഷാദ്. കെ.കെ | 100119/ 18-19 | 498695 | 4987 |
| 3. | 11/19, ഐശ്വര്യമുക്ക് വെള്ളാരിഅമ്പലം ഫുട്പാത്ത് | 198594 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 78 / 19.03.19 | നമ്പർ / തിയ്യതി ഇല്ല. ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയ്യതി 14.8.18 | ഇല്ല | 16/ae/ lsgd/ 18-19 തിയ്യതി 1.9.18 | ഷമേജ്.ടി | 62551/ 18-19 | 199192 | 1992 |
| | | | | | | | | | | 10478 |

1.2.2012തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ കത്ത് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം.കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്താത്ത പ്രവൃത്തികളിൽ ടെണ്ടർ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തിയ്യതി മുതൽ 3 ദിവസത്തിനകം കരാറുകാർക്കുള്ള സെലക്ഷൻ നോട്ടീസ് കത്ത് രജിസ്റ്റർ ചെയ്തതായി കണക്കാക്കിയാൽപോലും 14 ദിവസത്തിനുശേഷമാണ് കരാർ ഒപ്പിട്ടതെന്ന് കാണാവുന്നതാണ്. ഈ പ്രവൃത്തികളിൽ കരാറുകാർക്ക് യഥാസമയം സെലക്ഷൻ നോട്ടീസ് അയക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. കരാർ വെക്കുന്നതിൽ വന്ന കാലതാമസം മൂലമുള്ള 10478 രൂ പിഴ ഉത്തരവാദികളായവരിൽ നിന്നും

ഈടാക്കേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെക്കാണിച്ച പൊതുമരാമത്ത് പ്രവൃത്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇവയിൽ എല്ലാം തന്നെ പൂർത്തീകരണ കാലാവധിക്കു ശേഷമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചത്.

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. 1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത് , ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് (നം , പേര്) | ചെലവഴിച്ച തുക(രു) , ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി.നം/ ചെക്ക് നമ്പർ) | ടി.എസ് നമ്പർ , ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എഗ്രി. നമ്പർ , തിയ്യതി | എം.ബുക്ക് നമ്പർ , എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക (രു) | കരാറുകാരൻ | ഈടാക്കേണ്ട പിഴ / റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1. | 106/19 , വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം രണ്ടാംഘട്ടം | 165000 രു വികസന ഫണ്ട് | ട്ര.ബി.നം 36/ 20.11.18 | 76697/ 2018-19 , 6 മാസം | 17/ae/ lsgd/18-19 തിയ്യതി 11.9.18 | 305/17-18 , 144/17-18 , 20.3.19 | 659335 രു | തൃക്കോട്ടൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TLCCS) | കരാർ വെക്കുന്നത് 11.9.18 തിയ്യതിയിൽ ആണെങ്കിലും പ്രവൃത്തി 7.9.18 തിയ്യതിയിൽ ആരംഭിച്ച തായാണ് എം.ബുക്കിൽ കാണുന്നത്. ഈടാക്കേണ്ട പിഴ : 6593 രു (പി.എ.സി തുകയുടെ 1%) |
| 2. | 174/19 , കാഞ്ഞിലശ്ശേരി | 150000 രു , തനത്ഫണ്ട് | ചെക്ക് നമ്പർ 1964780 തിയ്യതി | 52493/16-17 പൂർത്തീകരണ | 26/ae/lsgd/ 2016-17 | 175/17-18 , 2.3.18 | 198851 രു | സജിത വെള്ളക്കാട്ട് | ഈ പ്രവൃത്തി 278/17 നമ്പരായി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | കുട്ടൻകണ്ടി റോഡ് റീടാറിങ്. (ഏകവർഷ പ്രോജക്ട്) | | 19.12.18 , ചെക്ക് നമ്പർ1242522 തിയ്യതി 19.12.18 , 1242523 തിയ്യതി 19.12.18 , ചെക്ക് നമ്പർ1242524 തിയ്യതി 19.12.18 ആകെ തുക 150000/- | കാലയളവ് രേഖപ്പെടുത്തി യിട്ടില്ല. | തിയ്യതി 5.1.17 | | | താഴെകുനിയിൽ | 2016-17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഏകവർഷ പ്രോജക്ട് ആയാണ് തുക വകയിരുത്തിയത്. അതായത് 31.3.2017 തിയ്യതിയിലാണ് പ്രവൃത്തി പൂർത്തീകരി ക്കേണ്ടിയിരുന്നത്. ഈടാക്കേണ്ട പിഴ : 5966രൂ (പി.എ.സി തുകയുടെ 3%) |
| 3. | 176/19 , രാമകൃഷ്ണലിങ്ക് റോഡ് ടാറിങ് (ഏകവർഷ പ്രോജക്ട്) | 76326രൂ , തനത്ഫണ്ട് | ചെക്ക് നമ്പർ 7167636 തിയ്യതി 11.9.18 | 63627/16-17, കാലാവധി രേഖപ്പെടുത്തി യിട്ടില്ല. | 31/ae/lsgd/ 16-17/ തിയ്യതി 2.2.17 | 285/15-16, 28.9.17 | 199658 രൂ | ഷമീം.ടി | 327/17 നമ്പരായി 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഏകവർഷ പ്രോജക്ട് ആണിത്. 31.3.2017 തിയ്യതിയിൽ പൂർത്തീകരി- ക്കേണ്ടതായിരുന്നു. ഈടാക്കേണ്ട പിഴ :5990 രൂ (പി.എ.സി തുകയുടെ 3%) |

ആകെ : 18549 രൂ

പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസം മൂലമുള്ള പിഴ 18549 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽപട്ടികയിലെ ക്രമനമ്പർ 1 പ്രവൃത്തിയിൽ കരാർ വെക്കുന്നത് 11.9.18 തിയ്യതിയിൽ ആണെങ്കിലും പ്രവൃത്തി അതിനു മുൻപ് 7.9.18 തിയ്യതിയിൽ ആരംഭിച്ചത് വിശദീകരിക്കേണ്ടതാണ്.

## 1-14 ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി

1.10.2017 തിയ്യതി മുതൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനത്തിൽ നിന്നും 37.25 ശതമാനമാക്കി കുറച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്ടുകളിൽ ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിലാണ് പ്രവൃത്തികൾ നടപ്പാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് , ഫണ്ട് | ട.ബി നമ്പർ , തിയ്യതി | ടി.എസ് നമ്പർ . തിയ്യതി , തുക | അവസാന ടെണ്ടർ/ ക്വട്ടേഷൻ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 185/19 , പനംകുന്ന്കുനി ഫുട്പാത്ത് | 15610 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6 / 25.6.18 | 30521 / 17-18 , തിയ്യതി 24.7.17 , 2 ലക്ഷം രൂ | 12.2.18 | - |
| 2. | 184/19 , പുതിയാറക്കൽ ഫുട്പാത്ത്. | 199541 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13/ 12.10.18 | 9597/ 17-18 , തിയ്യതി 12.7.17, 2 ലക്ഷം രൂ | 12.2.18 | 8.8.18 തിയ്യതിയിലെ 1(1) തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് അംഗീകാരം നല്കി. അടങ്കൽ തുകയിൽ മാറ്റമില്ലാതെയാണ് എസ്റ്റിമേറ്റ് പുതുക്കിയത്. |
| 3. | 182/19 , വള്ളിക്കണ്ടി മുക്ക്-പുതുക്കുടി പറമ്പത്ത് താഴെ റോഡ് | 398563 രൂ , (MG-R) | 1 / 25.6.18 | 11538 / 13.7.17 , 4 ലക്ഷം രൂ | 19.12.17 | - |
| 4. | 186/19 , കോയാലി കണ്ടി-തട്ടാരി കണ്ടി- കണ്ണൻകണ്ടി റോഡ് | 99105 രൂ, (MG-R) | 12 / 31.7.18 | 5785 / 5.7.17 , | 24.11.17 | - |

| | | | | | | |
|---|---|---|---|---|---|---|
| 5. | 189/19 , രാമകൃഷ്ണ റോഡ് റീടാറിങ് | 306577രൂ (MG-R) | 10/ 31.7.18 | 9603/ 17-18 തിയ്യതി 12.7.17 , 308000 രൂ | 30.11.17 | - |

മേൽ പരാമർശിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ ടി.എസ് ലഭിച്ചത് 1.10.2017 തിയ്യതിക്ക് മുൻപ് ആണെങ്കിലും ടെണ്ടർ/ക്വട്ടേഷൻ തിയ്യതി പ്രസ്തുത തിയ്യതിക്ക് ശേഷമാണ്. കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കി പഞ്ചായത്തിന്റെ സാമ്പത്തികഭാരം കുറക്കാമായിരുന്നെങ്കിലും അത്തരമൊരു നടപടി അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-15 നായനാർ മിനിസ്റ്റേഡിയം ഗാലറി നിർമ്മാണം - പ്രോജക്റ്റ് നടത്തിപ്പിലെ അപാകത

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 172/19 |
| പ്രോജക്ട് | നായനാർ മിനിസ്റ്റേഡിയം ഗ്യാലറി നിർമ്മാണം. |
| ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 20 ലക്ഷം രൂ |
| ചെലവഴിച്ച തുക | 1736399 രൂ |
| ടി.എസ് . നമ്പർ | 63559/2016-17 |
| എസ്റ്റിമേറ്റ് നമ്പർ | 2017/225 |
| എഗ്രിമെന്റ് നമ്പർ | 57/ae/lsgd/2017-18 തിയ്യതി 24.3.17 |
| പി.എ.സി തുക | 2096774 രൂ |
| എം.ബുക്ക് നമ്പർ | 164/17-18 , 165/17-18 , 166/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 1736399 രൂ |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 28.06.2017 |
| ചെലവ് വിശദാംശം | ചെക്ക് നമ്പർ 7167641 തിയ്യതി 27.9.18 :1684307 രൂ<br>ചെക്ക് നമ്പർ 7167642 തിയ്യതി 27.9.18 :34728 രൂ<br>ചെക്ക് നമ്പർ 7167643 തിയ്യതി 27.9.18 : 17364 രൂ<br>ആകെ ; 1736399 രൂ |

| | |
|---|---|
| കരാറുകാരൻ | യു.എൽ.സി.സി.എസ് (ULCCS) |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. സ.ഉ(അ)87/2017/തസ്വഭവ തിയ്യതി 1.11.2017 പ്രകാരം 30.06.2017 തിയ്യതിക്കു മുൻപ് പൂർത്തിയാക്കി എം.ബുക്കിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.ടി ബാധകമല്ല. ആയതിന് മൂല്യവർദ്ധിത നികുതി (VAT) മാത്രമാണ് ബാധകം. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരിൽ നിന്നും 34728 രൂ ആദായനികുതിയും 17364 രൂ ക്ഷേമനിധിതുകയും മാത്രമേ ഈടാക്കിയിട്ടുള്ളൂ. 30.01.07 തിയ്യതിയിലെ circular no. 15179/DPI/06 LSGD -ൽ നിഷ്കർഷിച്ച പ്രകാരമുള്ള VAT കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. KVAT , CST രജിസ്ട്രേഷനുള്ളതും കോമ്പൌണ്ടിങ് സ്വീകരിച്ചതുമായ , 'open competitive bidding'-ലൂടെ തെരഞ്ഞെടുക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികൾ അടക്കമുള്ള കരാറുകാർക്ക് സിവിൽ പ്രവൃത്തികളുടെ കാര്യത്തിൽ കരാർ തുകയുടെ (whole contract amount) 4% നികുതിയാണ് ബാധകം. കോമ്പൌണ്ടിങ് ഇല്ലാത്ത പക്ഷം 12.5% നികുതിയാണ് ബാധകം. (of the contract amount excluding the labour portion.) സർക്കുലർ പ്രകാരമുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. എന്നാൽ ഇവിടെ മൂല്യവർദ്ധിത നികുതിയൊന്നും ഈടാക്കിയിട്ടില്ല.

2. ഈ പ്രോജക്ട് 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ആണ് ആദ്യമായി ഉൾപ്പെടുത്തിയത്. കരാർ ഒപ്പിട്ടതും 2016-17 വർഷത്തിലാണ്. എന്നാൽ 2016-17 വർഷത്തെ ടെണ്ടർ രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്റർ ലഭിക്കാത്തതിനാൽ കരാറുകാരെ തെരഞ്ഞെടുത്തത് മത്സരസ്വഭാവമുള്ള ടെണ്ടർ സമ്പ്രദായത്തിലൂടെ ആയിരുന്നോ എന്നത് ബോധ്യപ്പെട്ടിട്ടില്ല.

3. മിനി സ്റ്റേഡിയം ഓഡിറ്റ് ടീം സന്ദർശിച്ചു. മിനിസ്റ്റേഡിയം ഉൾപ്പെടുന്ന പഞ്ചായത്ത് അധീനതയിലുള്ള സ്ഥലം മുഴുവനായും അതിർത്തി കെട്ടി തിരിച്ചതായി കാണുന്നില്ല. സ്വകാര്യാവശ്യങ്ങൾക്കും മറ്റും പഞ്ചായത്ത് ഗ്രൗണ്ട് കയ്യേറപ്പെടാൻ സാധ്യതയുള്ളതാണ്. ഇക്കാര്യത്തിൽ അടിയന്തിരമായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. 1736399 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-16 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഭാഗികമായ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നു

2018-19 വർഷത്തിൽ ചേമഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 203/19 |
| പ്രോജക്ട് | പൈക്ക കെട്ടിട നവീകരണം |
| തൻവർഷം വകയിരുത്തിയ തുക | 3 ലക്ഷം രൂ |
| ചെലവഴിച്ച തുക | 299722 രൂ |
| ഫണ്ട് | തനത്ഫണ്ട് |
| ചെക്ക്നമ്പർ ,തിയ്യതി,തുക | 7167637 തിയ്യതി 11.9.18 , 299722 രൂ |
| എം.ബുക്ക് നമ്പർ | 170/17-18 |

| | |
|---|---|
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 431000 രൂ |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. ആദ്യത്തെ പാർട്ട് ബിൽ ആയി 131278 രൂ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ഏത് ചെക്ക് / ട്രഷറി ബിൽ പ്രകാരമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശം അറിയിക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, നിലവിലുള്ള പൈക്ക കെട്ടിടത്തിന്റെ ഒന്നാം നിലയാണ് നിർമ്മിച്ചത്. എന്നാൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ , ഓടിട്ട മേൽക്കൂര , ഹോളോ ബ്രിക്സ് കൊണ്ടുള്ള ചുമരുകൾ എന്നിവയുടെ നിർമ്മാണം മാത്രമാണ് പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയത്.കെട്ടിടത്തിന്റെ ഫ്ലോറിങ് , ഇലക്ട്രിഫിക്കേഷൻ , പ്ലംബിങ് എന്നിവയൊന്നും പ്രോജക്ടിൽ ഉൾപ്പെട്ടിട്ടില്ല. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ ഖണ്ഡിക നമ്പർ 3.5.1 ക്രമനമ്പർ (9) പ്രകാരം കെട്ടിടനിർമ്മാണപ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം , ഇലക്ട്രിഫിക്കേഷൻ , പ്ലംബിങ് എന്നിവയെല്ലാം ചേർത്ത് ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ പ്രവൃത്തി വിശദീകരിക്കേണ്ടതാണ്.

3. 9.03.2020 തിയ്യതി പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ , ഓവർസിയർ എന്നിവരോടൊപ്പം സ്ഥലം സന്ദർശിച്ചതിൽ പൈക്ക കെട്ടിടത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സൈറ്റ് ഓഫിസ് നടത്തുന്നതിന് വിട്ടുകൊടുത്തിരിക്കുകയാണ് എന്ന് കണ്ടു.കെട്ടിടത്തിൽ പുതുതായി നിർമ്മിച്ച ഒന്നാംനിലയിൽ അന്യസംസ്ഥാനതൊഴിലാളികൾ താമസിക്കുകയാണ്.കെട്ടിടത്തിലെ മറ്റൊരു മുറിയിൽ നിർമ്മാണസാമഗ്രികൾ സംഭരിച്ചിരിക്കുകയാണ്.കായിക ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി നിർമ്മിച്ച പ്രസ്തുത കെട്ടിടം നാളിതുവരെ ഉദ്ദേശിച്ച കാര്യത്തിന് വേണ്ടി വിനിയോഗിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 431000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 വട്ടക്കണ്ടി റോഡ് നിർമ്മാണം - പ്രോജക്ട് നടത്തിപ്പിലെ അപാകത

താഴെച്ചേർത്തിരിക്കുന്ന പ്രോജക്ട് വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 68/18-19 |
| പ്രോജക്ട് | വട്ടക്കണ്ടി റോഡ് |
| ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുക | 150000 രൂ |
| ചെലവഴിച്ച തുക | 150000 രൂ |
| മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുക | 4 ലക്ഷം രൂ |
| ചെലവഴിച്ച തുക | 399437 രൂ |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി | 30/26.11.18 (137500 രൂ)<br>97/23.3.19 (12500 രൂ)<br>101/26.3.19 (399437 രൂ) |
| എം.ബുക്ക് നമ്പർ | 254/17-18 |
| ടി.എസ് നമ്പർ | 37440/18-19 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 549437 രൂ |
| കരാറുകാരൻ | ടി.എൽ.സി.സി.എസ് |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡ് അറ്റകുറ്റപ്പണി , റോഡിന്റെ വശത്ത് ചില ഭാഗങ്ങളിൽ സംരക്ഷണഭിത്തികെട്ടൽ (ch78–ch110) എന്നിവയാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എസ്റ്റിമേറ്റ് പ്രകാരം സംരക്ഷണഭിത്തി കെട്ടുന്ന പ്രവൃത്തിയിൽ അടിത്തറ നിർമ്മാണം, DR packing , കോൺക്രീറ്റ് ബെൽറ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ അടിത്തറ നിർമ്മിക്കാതെയാണ് സംരക്ഷണഭിത്തിയും കോൺക്രീറ്റ് ബെൽറ്റ് എന്നിവ നിർമ്മിച്ചത് എന്ന് കാണുന്നു. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ചെയ്ത അളവ് | നിരക്ക് | ആകെ ചെലവ് (രൂ) |
|---|---|---|---|---|
| 1. | DR packing | 2.76 എം3 | 2744.23 രൂ/എം3 | 7574.07 |
| 2. | Concrete belt | .92 എം3 | 7585.61 രൂ/എം3 | 6978.76 |

അടിത്തറ ഇല്ലാതെ നിർമ്മിച്ച സംരക്ഷണ ഭിത്തി നിർമ്മിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ചെലവ് 14553 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രോജക്ടുകൾ പരിശോധിച്ചതിൽ പൊതുവായി കണ്ട അപാകതകൾ താഴെക്കാണിച്ച പ്രകാരം ശ്രദ്ധയിൽപെടുത്തുന്നു.

1. 2018-19 വർഷത്തിൽ തുക വകയിരുത്തിയിരുന്ന ധാരാളം പ്രോജക്ടുകൾ തൻവർഷം നടപ്പിലാകാതെ പോയിട്ടുണ്ട്. ആകെ 47966842 രൂപ പൊതുമരാമത്ത് പ്രോജക്ടുകൾക്കായി തുക വകയിരുത്തിയതിൽ 23758546 രൂപയാണ് ചെലവഴിച്ചത്. അതായത് മൊത്തം ചെലവ് ശതമാനം 49.53 ആണ്. പ്രോജക്ടുകൾ നടപ്പാകാത്തതിനാൽ വിവിധ ഫണ്ടുകളിൽ നിന്ന് തുക വകയിരുത്തിയിരുന്ന തുകകൾ പാഴാകാൻ ഇടയായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഫണ്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക (രൂ) | ചെലവ് ശതമാനം | പാഴായ വകയിരുത്തൽ (രൂ) |
|---|---|---|---|---|---|
| 1. | വികസന ഫണ്ട് പൊതുവിഭാഗം | 3293045 | 832762 | 25.28 | 2460283 |
| 2. | എസ്.സി.പി | 496000 | 276939 | 55.83 | 219061 |
| 3. | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9140837 | 7470567 | 81.7 | 1670270 |
| 4. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 9023258 | 6208147 | 68.8 | 2815111 |
| 5. | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3586930 | 727896 | 20.29 | 2859034 |

വകയിരുത്തലുകൾ പാഴായത് ശ്രദ്ധയിൽ പെടുത്തുന്നു.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3. സെലക്ഷൻ നോട്ടീസുകളിൽ നമ്പർ / തിയ്യതി , കരാറുകാർ ഒപ്പിട്ട് കൈപ്പറ്റുന്ന തിയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. ഇതുകാരണം നിയമാനുസൃത കാലപരിധിക്കുള്ളിൽ തന്നെയാണോ കരാറുകാരുമായി കരാർ ഒപ്പിടുന്നത് എന്നത് പരിശോധിക്കുവാൻ കഴിയാതെ വരുന്നു.

4. പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ്, കരാറുകളിൽ രേഖപ്പെടുത്തുന്നില്ല. ചില പ്രവൃത്തികളിൽ സാങ്കേതികാനുമതി രേഖകളിൽപ്പോലും പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിക്കാണുന്നില്ല. ഇക്കാരണത്താൽ നിർദ്ദിഷ്ടകാലപരിധിക്കുള്ളിൽ തന്നെയാണോ പ്രവൃത്തി പൂർത്തീകരിച്ചത് എന്നത് പരിശോധിക്കുവാൻ കഴിയുന്നില്ല.

5. പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പാണ് പൊതുമരാമത്ത് പ്രോജക്ടുകളുടെ മോണിറ്ററിങ് നടത്തേണ്ടത്. മോണിറ്ററിങ് ചർച്ചകൾ വർക്കിങ് ഗ്രൂപ്പിൽ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി മേൽനോട്ടം വഹിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ പദ്ധതിയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം

(Livelihood, Inclusion and Financial Empowerment)

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ മുൻവർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ സാമ്പത്തിക പരാധീനതകൾ ഉൾപ്പെടെയുള്ള പല കാരണങ്ങളാലും നിർമ്മാണം മുടങ്ങിയ പണി തീരാത്ത വീടുകളുടെ പൂർത്തീകരണമായിരുന്നു ലക്ഷ്യമിട്ടത്.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലുമായാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

1.പ്രൊജക്ട് നമ്പർ 1/19

ലൈഫ് ഭവനപദ്ധതി - ജനറൽ - പുതിയ വീടുകൾ

പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച് പദ്ധതിയിൽ പൊതുവിഭാഗം സാധാരണ വിഹിതമായി 3800000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 3000000/- രൂപയും ബ്ലോക്ക പഞ്ചായത്ത് വിഹിതമായി 2000000/- രൂപയുംവായ്പയും മറ്റുമായി 3673308/- രൂപയും ചേർത്ത് 14000000/- രൂപയാണ് അടങ്കൽ.

ഇതിൽ സാധാരണവിഹിതത്തിൽ മുഴവൻ തുകയും ജില്ലാ പഞ്ചായത്ത് വിഹിതം541692/- രൂപയും ബ്ലോക്ക പഞ്ചായത്ത് വിഹിതം 495000/-രൂപയും വായ്പയും മറ്റുമായി 3673308/-രൂപയും അടക്കം 8510000/- ചെലവഴിച്ചു.

2. ലൈഫ് ഭവനം - എസ്.സി. പുതിയ വീടുകൾ - (4/19)

എസ്.സി.പി. 881200/- രൂപയാണ് അടങ്കൽ. ഇതിൽ എസ്.സി.പി.യിലെ 500000/- രൂപ ചെലവഴിച്ചു

3. ലൈഫ് ഭവനപദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - (ജനറൽ) 160/19 സ്പിൽ ഓവർ

മുമ്പ് ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതിയിൽ 13 പേർക്ക് ആനുകൂല്യം ലഭിച്ചു. തനത് ഫണ്ട് 300000/- രൂപയും ചെലവഴിച്ചു. 13 പേരും നിർമ്മാണം പൂർത്തിയാക്കി.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ 31 പേരാണ് ആദ്യ ഘട്ടത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഇതിൽ 29പേർ പൊതു വിഭാഗവും 02പേർ പട്ടികജാതിക്കാരും ആണ്. ഇതിൽ 28പേർ 2018-19 ൽ വീടു പണി പൂർത്തീകരിച്ചിട്ടുണ്ട്. 2 പേർ മേൽക്കൂരയും ഒരാൾ ചുമർ ഉയരവും പൂർത്തീകരിച്ചു.

പുതുതായി 4 പേർ കൂടി എഗ്രിമെന്റ് വെച്ചിട്ടുണ്ട് ഇതിൽ 2പേർ പൊതു വിഭാഗവും 02പേർ പട്ടികജാതിക്കാരും ആണ്

## 1-20 വിതരണ രജിസ്റ്റർ യഥാസമയം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പ്രൊജക്ട് - 3/19 വീട് വാസയോഗ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി ഇ ഒ

അടങ്കൽ 25,00,000/-

ചെലവ് 23,95,000/-

മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനു ധന സഹായം വിതരണം ചെയ്യതിന്റെയും ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ (അന്വേഷണക്കുറിപ്പ് നം /2018-19 തി 05.03.2020) ലഭിച്ച മറുപടിയിൽ വിതരണ രജിസ്റ്റർ തയ്യാറാക്കിയതായും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 33 ഗുണഭോക്താക്കൾക്കാണ് ധന സഹായം നൽകിയിട്ടുള്ളത്. മുപ്പത് ബില്ലുകളിലായാണ് പണം നൽകിയത്.ഓരോ ഗുണഭോക്താവിനും പണം അനുവദിക്കുമ്പോൾ തന്നെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. ഒരേ പേരുള്ള ഗുണഭോക്താക്കളുള്ളതിനാലും,അക്കൗണ്ട് ഇല്ലാത്തവരുടെ ബന്ധുക്കളുടെ പേരിൽ പണം നൽകുന്നതിനാലും കൃത്യത ഉറപ്പുവരുത്തുന്നതിന് വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. വിതരണ രജിസ്റ്റർ യഥാസമയം തയ്യാറാക്കാതെ പിന്നീട് തയ്യാറാക്കുന്നത് ശരിയായ പ്രവണതയല്ല.

## 1-21 അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 34 അങ്കണവാടികളുള്ളതിൽ സ്വന്തം കെട്ടിടമില്ലാത്തവ 5 എണ്ണമാണ്. ഇതിൽ സെന്റർ നം. 70 (കണ്ണക്കടവ്) സ്കൂളിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ ചുറ്റമതിൽ ഇല്ലാതെ 7 എണ്ണവും, സ്വന്തമായി കുടിവെള്ളസൗകര്യമില്ലാതെ 10 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗ്യാസ് കണക്ഷൻ ഇല്ലാതെ ഒന്നും (സെന്റർ നം71) ടോയിലറ്റ് സൗകര്യം ഇല്ലാതെ രണ്ടും (71, 84) അങ്കണവാടികൾ പ്രവർത്തിക്കുന്നു. കെട്ടിടം, കുടിവെള്ളം എന്നിവ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളിൽ നിർദ്ദേശം വെയ്ക്കുന്നുണ്ടെങ്കിലും ഇപ്പോഴും എല്ലാ അങ്കണവാടികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ പഞ്ചായത്ത് ലക്ഷ്യം കൈവരിച്ചിട്ടില്ല. സ.ഉ(കൈ)നം.11/2018 L.S.G.D dtd.29-1-18 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക7.8.2 പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സാഹചര്യമൊരുക്കൽ എന്നിവ നിർബന്ധിത പ്രോജക്ടുകളാണ്. മേൽ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കമ്പ്യൂട്ടർ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല

പ്രൊജക്ട് നം 141 /18-19

ബിൽനം/തുക- -8/18-19/18-12-18/55600

ചേമഞ്ചേരിഗ്രാമപഞ്ചായത്തിൽ2018-19സാമ്പത്തികവർഷത്തിൽ ഐ.സി.ഡി.എസ്സ് സൂപ്പർവൈസറുടെ ഓഫീസിലേയ്ക്ക് ടെണ്ടർ നടപടിപ്രകാരംകമ്പ്യൂട്ടർ,പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. അനോൺസിസ്റ്റം ആന്റ് സർവ്വീസസ് എന്ന സ്ഥാപനത്തെയാണ് ഇവ വിതരണം ചെയ്യാൻവേണ്ടിതിരഞ്ഞെടുത്തത്.

സ.ഉ.(എം.എസ്സ്.നം24/2017/ഐ.ടി.ഡി തിയ്യതി.18-11-17 പ്രകാരം കേരളത്തിലെ സർക്കാർ

സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും കേന്ദ്രീകൃതമായി വാങ്ങുന്നതിനുള്ള ഓൺലൈൻ പോർട്ടൽ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങലിനായി നിരക്കുകൾ രൂപീകരിക്കുന്നതിനും കേന്ദ്രീകൃതവാങ്ങൽസമ്പ്രദായത്തിനായുള്ള ഏജൻസിയായും കെൽട്രോണിനെ നിയോഗിച്ചിട്ടുണ്ട്.(സ.ഉ.ആർ.ടി.നം 24/2017/ഐ.ടി.ഡി. തിയ്യതി. 1-2-18). ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇത്തരമൊരു നടപടിക്രമം പാലിച്ചിട്ടില്ല എന്നു കാണുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റി പ്രസ്തുത വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്പോർട്സ് കിറ്റ് ഉപകരണങ്ങൾ വാങ്ങൽ -പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം - 41 /18-19

തനത് ഫണ്ട് - 49788

ചെക്ക് നം -57559/28-2-19

ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് പ്രകാരം ഒബോഡി ന്യൂട്രീഷ്യൻസ് & സ്പോർട്സ് എന്ന സ്ഥാപനത്തെ ടെണ്ടർ നടപടി ക്രമ പ്രകാരം തെരെഞ്ഞെടുത്ത് പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ അധീനതയിൽ സൂക്ഷിക്കുകയും പഞ്ചായത്തിലെ രജിസ്റ്റേർഡ് ക്ലബുകളുടെ ആവശ്യകതക്കനുസരിച്ച് ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയുമാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടുന്നത്. പ്രോജക്റ്റ് പരിശോധിച്ചതിൽ നിന്നും മേൽ സ്ഥാപനം വിതരണം ചെയ്ത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമായതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിന് കാലതാമസം-പിഴ ഈടാക്കിയില്ല

2018-19 വർഷം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റുകളിൽ ടെണ്ടർ സ്വീകരിച്ചതിന് ശേഷം കരാർ വെക്കുവാൻ വളരെയധികം കാലതാമസം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് (നമ്പർ,പേര്) , നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ്തുക, ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി നമ്പർ/ ചെക്ക് | സെലക്ഷൻ നോട്ടീസ് നമ്പർ, തിയ്യതി (ae/kdly..) | നോട്ടീസ് കൈപ്പറ്റിയ തിയ്യതി | കരാർ നമ്പർ, തിയ്യതി | കരാറുകാരൻ | ടി.എസ് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | നമ്പർ ) | | | | | | | |
| 1. | 149/18-19 , ചേമഞ്ചേരി യു.പി ചെട്ട്യാംകണ്ടി നടപ്പാത | 335235 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | 50/30.1.19 | നമ്പർ ഇല്ല, തിയ്യതി 4.8.18 | ഇല്ല | 13/ae/ lsgd/ 18-19 തിയ്യതി 1.9.18 | രജിൽരാജ്. എസ്.ആർ | 34333/ 18-19 | 349932 | 3499 |
| 2. | 121/19, മുത്താച്ചിക്കാവ് കുടിവെള്ളപദ്ധതി പൂർത്തീകരണം | 474344 രൂ, തനത്ഫണ്ട് | 57661 തിയ്യതി 8.3.19, 2766421 തിയ്യതി 8.3.19, 2766427 തിയ്യതി 8.3.19, 2766428 തിയ്യതി 8.3.19 | നമ്പർ/ തിയ്യതി ഇല്ല. ടെണ്ടർ ഭരണസമിതി അംഗീകരിച്ചത് 20.12.18 | ഇല്ല | 56/ae/ lsgd/ 18-19 തിയ്യതി 18.1.19 | നൌഷാദ്. കെ.കെ | 100119/ 18-19 | 498695 | 4987 |
| 3. | 11/19, ഐശ്വര്യമുക്ക് വെള്ളാരിഅമ്പലം ഫുട്പാത്ത് | 198594 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 78/ 19.3.19 | നമ്പർ / തിയ്യതി ഇല്ല. ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയ്യതി 14.8.18 | ഇല്ല | 16/ae/ lsgd/ 18-19 തിയ്യതി 1.9.18 | ഷമേജ്.ടി | 62551/ 18-19 | 199192 | 1992 |

ആകെ :10478 രൂ

1.2.2012തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ കത്ത് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം.കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്താത്ത പ്രവൃത്തികളിൽ ടെണ്ടർ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തിയ്യതി മുതൽ 3 ദിവസത്തിനകം കരാറുകാർക്കുള്ള സെലക്ഷൻ നോട്ടീസ് കത്ത് രജിസ്റ്റർ ചെയ്തതായി

കണക്കാക്കിയാൽപോലും 14 ദിവസത്തിനുശേഷമാണ് കരാർ ഒപ്പിട്ടതെന്ന് കാണാവുന്നതാണ്. ഈ പ്രവൃത്തികളിൽ കരാറുകാർക്ക് യഥാസമയം സെലക്ഷൻ നോട്ടീസ് അയക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.കരാർ വെക്കുന്നതിൽ വന്ന കാലതാമസം മൂലമുള്ള 10478 രൂ പിഴ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെക്കാണിച്ച പൊതുമരാമത്ത് പ്രവൃത്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇവയിൽ എല്ലാം തന്നെ പൂർത്തീകരണ കാലാവധിക്കു ശേഷമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചത്.

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. 1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത് , ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് (നം , പേര്) | ചെലവഴിച്ച തുക(രൂ) , ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി.നം/ ചെക്ക് നമ്പർ) | ടി.എസ് നമ്പർ , ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എഗ്രി. നമ്പർ , തിയ്യതി | എം.ബുക്ക് നമ്പർ , എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക (രൂ) | കരാറുകാരൻ | ഈടാക്കേണ്ട പിഴ / റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1. | 106/19 , വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം രണ്ടാംഘട്ടം | 165000 രൂ വികസന ഫണ്ട് | ട്ര.ബി.നം 36/ 20.11.18 | 76697/ 2018-19 , 6 മാസം | 17/ae/ lsgd/18-19 തിയ്യതി 11.9.18 | 305/17-18 , 144/17-18 , 20.3.19 | 659335 രൂ | തുക്കോട്ടൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TLCCS) | കരാർ വെക്കുന്നത് 11.9.18 തിയ്യതിയിൽ ആണെങ്കിലും പ്രവൃത്തി 7.9.18 തിയ്യതിയിൽ ആരംഭിച്ച തായാണ് എം.ബുക്കിൽ കാണുന്നത്. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഈടാക്കേണ്ട പിഴ : 6593 രൂ (പി.എ.സി തുകയുടെ 1%) |
| 2. | 174/19 , കാഞ്ഞിലശ്ശേരി കുട്ടൻകണ്ടി റോഡ് റീടാറിങ്. (ഏകവർഷ പ്രോജക്റ്റ്) | 150000 രൂ , തനത്ഫണ്ട് | ചെക്ക് നമ്പർ 1964780 തിയ്യതി 19.12.18 , ചെക്ക് നമ്പർ1242522 തിയ്യതി 19.12.18 , 1242523 തിയ്യതി 19.12.18 , ചെക്ക് നമ്പർ1242524 തിയ്യതി 19.12.18 ആകെ തുക 150000/- | 52493/16-17 പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. | 26/ae/lsgd/ 2016-17 തിയ്യതി 5.1.17 | 175/17-18 , 2.3.18 | 198851 രൂ | സജിത വെള്ളക്കാട്ട് താഴെകുനിയിൽ | ഈ പ്രവൃത്തി 278/17 നമ്പരായി 2016-17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഏകവർഷ പ്രോജക്റ്റ് ആയാണ് തുക വകയിരുത്തിയത്. അതായത് 31.3.2017 തിയ്യതിയിലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. ഈടാക്കേണ്ട പിഴ : 5966രൂ (പി.എ.സി തുകയുടെ 3%) |
| 3. | 176/19 , രാമകൃഷ്ണലിങ്ക് റോഡ് ടാറിങ് (ഏകവർഷ പ്രോജക്റ്റ്) | 76326രൂ , തനത്ഫണ്ട് | ചെക്ക് നമ്പർ 7167636 തിയ്യതി 11.9.18 | 63627/16-17, കാലാവധി രേഖപ്പെടുത്തിയിട്ടില്ല. | 31/ae/lsgd/ 16-17/ തിയ്യതി 2.2.17 | 285/15-16, 28.9.17 | 199658 രൂ | ഷമീം.ടി | 327/17 നമ്പരായി 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഏകവർഷ പ്രോജക്റ്റ് ആണിത്. 31.3.2017 തിയ്യതിയിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ഈടാക്കേണ്ട പിഴ :5990 രൂ (പി.എ.സി തുകയുടെ 3%) |

ആകെ : 18549 രൂ

പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസം മൂലമുള്ള പിഴ 18549 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽപട്ടികയിലെ ക്രമനമ്പർ 1 പ്രവൃത്തിയിൽ കരാർ വെക്കുന്നത് 11.9.18 തിയ്യതിയിൽ ആണെങ്കിലും പ്രവൃത്തി അതിനു മുൻപ് 7.9.18 തിയ്യതിയിൽ ആരംഭിച്ചത് വിശദീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.2019 - 18.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(11) തീയതി:01.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 20,00,000 | ലൈഫ് ഭവനപദ്ധതി ജനറൽ | 495000 | 1505000 |
| | | 2,00,000 | പാലിയേറ്റീവ് പരിചരണവും, വൈദ്യസഹായവും | 1,86,580 | 13,420 |
| | | 4,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,72557 | 27443 |
| | | 4,00,000 | ഐച്ചിറമീത്തൽ വി.സി.ബി | 0 | 400000 |
| | | 7,00,000 | പുതുവനം കുനി കുടിവെള്ള പദ്ധതി | 7,00,000 | 0 |
| | | 500000 | പുതുവനം കുനി കുടിവെള്ള പദ്ധതി | 269744 | 230256 |
| | | 5,00,000 | മണ്ണാർക്കണ്ടി കുടിവെള്ള പദ്ധതി | 0 | 5,00,000 |
| | | 3,00,000 | വയോജന വിശ്രമകേന്ദ്രം | 239965 | 60035 |
| ജില്ല പഞ്ചായത്ത് | 2018-19 | 125000 | മുട്ടഗ്രാമം | 125000 | 0 |
| | | 30,00,000 | ലൈഫ് ഭവനപദ്ധതി | 541692 | 2458308 |
| | | 20,00,000 | നായനാർ മിനി സ്റ്റേഡിയം ഗ്യാലറി നിർമ്മാണം | 1736399 | 263601 |

| | | | | |
|---|---|---|---|---|
| | 5,00,000 | കരിമുണ്ട്യാടികുനി കുടിവെള്ള പദ്ധതി | 1,87,504 | 3,12,496 |
| | 4,00,000 | പഞ്ചായത്ത് ശ്മശാനത്തിന് ചൂള | 0 | 400000 |
| | 25,00,000 | മണലികണ്ടി മുനമ്പത്ത് വി.സി.ബി. നിർമ്മാണം | 0 | 25,00,000 |
| | 175,000 | ക്ഷീരഗ്രാമം | 175000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമനം | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| 01 | റെയിൽവേസ്റ്റേഷൻ വല്ലികണ്ടി റോഡ് | ടി.എൽ.സി.സി | 125000 | -- | 125000 |
| 02 | എ.കെ.ജി കോർണർ-വെട്ടുകാട്ട് കുനി റോഡ് | ടി.എൽ.സി.സി | 75000 | -- | 75000 |
| 03 | കൊല്ലിയേടത്ത് താഴംവാളാർകുനി റോഡ് | ടി.എൽ.സി.സി | 175000 | -- | 175000 |
| 04 | വെങ്ങളം കയർ സൊസൈറ്റി റോഡ് | ടി.എൽ.സി.സി | 37500 | -- | 37500 |
| 05 | കണ്ടിയിൽ നാരങ്ങോളി താഴെ റോഡ് | ടി.എൽ.സി.സി | 185000 | -- | 185000 |
| 06 | കിഴക്കെമനയത്ത് താഴെ ഫുട്പാത്ത് | ടി.എൽ.സി.സി | 75000 | - | 75000 |
| 07 | ഉവ്വക്കാട് പറമ്പിൽലക്ഷംവീട് റോഡ് | ടി.എൽ.സി.സി | 25000 | - | 25000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6007643 |
| തൻവർഷം നിക്ഷേപിച്ച തുക | 513760 |
| ആകെ | 6521403 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6521403 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക് കൊയിലാണ്ടി | 23.05.2017 | 1വർഷം | 500578 | |
| 2. | കെ.ഡി.സി.ബാങ്ക് കൊയിലാണ്ടി | 23.05.2017 | 1വർഷം | 1230101 | |

| | | | | | |
|---|---|---|---|---|---|
| 3. | കെ.ഡി.സി.ബാങ്ക് കൊയിലാണ്ടി | 26.09.2017 | 1വർഷം | 376127 | |
| 4. | ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 26.09.2017 | 1വർഷം | 1435773 | |
| 5. | ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 26.09.2017 | 1വർഷം | 2978824 | |
| ആകെ | | | | 6521403 | |

## 4-7 ഓഡിറ്റ് റിക്കവറി

| | | | | |
|---|---|---|---|---|
| 2017-18 | ഖ.2.2.2 | 960 | എം.കെ ബ്രദേഴ്സ് | 118030108925/28.02.2019 |
| 2017-18 | ഖ.2.2.2 | 960 | സ്റ്റാർ ഹോളോബ്രിക്സ് | 118030108097/05.02.2019 |
| 2017-18 | ഖ.2.2.2 | 1200 | ന്യൂ ഇൻെറർലോക്ക് | 118030108542/20.02.2019 |
| 2017-18 | ഖ.2.2.2 | 1680 | ഹാർഡ്നെറ്റ് ഇൻഫോസൊല്യൂഷൻസ് | 118030101431/17.06.2018 |
| 2017-18 | ഖ.2.2.2 | 480 | മുഹമ്മദ്കോയ | 118030108206/11.02.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 7(14) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2002-03 | ഭാഗം.2 | 2004-05 | (17) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2003-04 | പൊതുപരാമർശം 11.13.7.14 116 | 2000-01 | 24 | നികുതി പിരിവിൽ അനാസ്ഥ |
| 2004-05 | പൊതുപരാമർശം 11.13.17 116 | 2002-03 | | നികുതി പിരിവിൽ അലംഭാവം |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2 100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.15 119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ അഡ്മിഷൻ |

| | | | | |
|---|---|---|---|---|
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.18<br>132,130 | | | വിദ്യാഭ്യാസ മേഖല<br>എസ്.എസ്.എ. |
| 2013-14<br>അവലോകനം | 6.4.<br>190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2016-17 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |
| | 6(എ)3.1.91 | | | കുടിവെള്ളം ആവശ്യമുള്ളവർ |
| 2017-18 | 2.1 | | | ഇ-ഗവേണൻസ് ഓഡിറ്റ് റിപ്പോർട്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1. | 1996-97 | 4 | ടി.പി. നസീർ ഹുസൈൻ | എൽ.എഫ്. 12333 spl.cell/ SC4/ 2000, dt. 27.5.02, 17.7.02 | 1258 | | | | | | 1258 | |
| 2. | 1996-97 | 10,12 | കെ.നാരായണൻ നമ്പൂതിരി | -ടി- | 9871 | | | | | | 9871 | |

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91825020 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78806249 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29027/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2231740/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചെലവ് നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 3499 | സൂരജ്.പി.ജി. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1 | 4987 | സുമിത.കെ.ബി. അസിസ്റ്റൻറ് എൻഞ്ചിനിയർ (അധികചുമതല) |
| 3-1 | 1992 | സുമിത.കെ.ബി. അസിസ്റ്റൻറ് എൻഞ്ചിനിയര (അധികചുമതല) |
| 3-2 | 18549 | സൂരജ്.പി.ജി. അസിസ്റ്റൻറ് എൻഞ്ചിനിയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1736399 | സൂരജ്.പി.ജി ,അസിസ്റ്റൻറ് എൻഞ്ചിനിയർ |
| 1-16 | 431000 | സൂരജ്.പി.ജി ,അസിസ്റ്റൻറ് എൻഞ്ചിനിയർ |
| 1-17 | 14553 | സുമിത കെ.ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 49788 | പി. ബാബുരാജൻ, ഹെഡ് മാസ്റ്റർ |

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**-ഇല്ല-**

**(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സൂരജ്.പി.ജി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയം, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | സ്വപ്ന, തണ്ണീർപന്തൽ, വേങ്ങേരി (പി.ഒ.) |

| | | |
|---|---|---|
| സുമിത.കെ.ബി, അസിസ്റ്റന്റ് എഞ്ചിനിയർ (അധികചുമതല) | ബ്ലോക്ക് പഞ്ചായത്ത്, പന്തലായനി | അംബർനാഥ്, സീലോട്സ് കാസിൽ റോക്ക്, ചേവായൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1999-00 | പി 4/1044/11(1), തി:23.1.12 | 26, 27, 29, 30, 33, 35, 37, 38, 39, 43, 44, 45, 46 | 13 |
| 2000-01 | പി 4/1044/11(2), തി:23.1.12 | 24, 25, 27, 29, 30,33, 36 | 7 |
| 2001-02 | പി 4/1044/11(3), തി:23.1.12 | 4, 5, 8, 10, 14, 15(12),16, 17 | 8 |
| 2002-03 | പി 4/1044/11(4), തി:23.1.12 | 6, 9, 12, 13, 15, 16 | 6 |
| 2003-04 | പി 4/1044/11(5), തി:23.1.12 | 2-1, 3-2, 3-3, 3-5, 3-6,3-8 | 6 |
| 2004-05 | പി 4/1044/11(6), തി:23.1.12 | 2-2, 3-1, 3-2, 3-5, 3-6,3-7, 3-8 | 7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/1372/08 തീയതി 09.02.2009 | 2-1, 2-2, 2-3, 2-5, 3-1 (1,2,3) 3-5, 3-6 | 7 |
| 2006-07 | പി-5/1335/09/5-10-09 | 2-2,3-2,3-3,3-4,3-5,3-6, 3-7,3-9,3-10,4-1, | 10 |
| 2008-09 | പി-4/1749/11/20-1-12 | 2-3,2-4,2-5,3-2to3-7,3-9, 3-11to3-14,3-18,3-19,3-20 | 17 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13/282/13 തീയതി 20.07.2013 | 1-2, 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9,3-10, 4-2 | 15 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.13/632/13 തീയതി 20.07.2013 | 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 | 16 |
| 2011-12 | p13/1549/13/11.11,13 | 1-5,2-2(1),3-3,3-4,3-5,3-7,3-8 | 7 |
| 2012-13,13-14 | p13/565/16/.31.03.2016 | 1-5,1-9,3-1,3-2,3-4,3-5, 3-6,3-7,3-8,3-11,3-12,3-13,3-15, 3-16,3-17,3-18,3-19,3-20,3-24, 3-26, 3-3,4-7,4-9 | 23 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി/13 /2164/2016.6.10.2017 | 2-1,2-2,2,3-2,3-3,3-4,3-5,3-7, 3-8,3-9,3-10,3-11,3-12,3-14 | 13 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി/13 /2317/2016.25.03.2017 | 2-1,2-2,2-3,2-4,2-5, 2-6,2-7,2-8,2-9,3-1,3-2, 3-3,3-5,3-6,3-7,3-8, 3-9, 3-10,3-11,4-9 | 20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി/13 /111/2018 /6.12.2018 | 2-1(1),2-1(2),2-1(5),2-1(6), 2-5,3-2,3-4,3-5,3-7,3-8(3), | 20 |

| | | | |
|---|---|---|---|
| | | (4),(5),3-9(3,(4),3-11, 3-14,3-15,3-16,3-17,3-20,4-4 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി/13 /421എ/2019 09.05.2019 | 1-12(2),(3),(5),(6),2-1(4),2-2(1) (2)(3),3-1,3-2,3-4,3-5,3-6,3-7,3-9, 3-11,3-12,3-13,3-14,3-16,3-18, 3-19,4-2,4-10 | 24 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.4/363/2020 തീയതി: 08.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചേമഞ്ചേരി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.